ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) നിർദ്ദിഷ്ട സ്ഥലത്തെകെട്ടിടം നിർമ്മിക്കുന്നതിനെതിരെ സമീപവാസിയായ ഡോക്ടർ പി. കെ. ശശിധരൻ എന്നൊരാൾ ഹൈക്കോടതിയിൽ ഒ. പി. 13460/99 നമ്പർ ഹർജി ഫയൽ ചെയ്യുകയുണ്ടായി. ഹർജി കോടതി തീർപ്പാക്കിയപ്പോൾ ഹർജിക്കാരന്റെ ആവശ്യം പരിശോധിച്ച് തീർപ്പാക്കാൻ സർക്കാരിന് നിർദ്ദേശം നൽകിയതോടൊപ്പം പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിൽ നിരോധനം ഏർപ്പെടുത്തികൊണ്ടും ഉത്തരവായി. ഇതിനിടെ പ്രസ്തുത ഭൂമിയിൽ റെയിൽ അധികൃതർ അവകാശം ഉന്നയിച്ചതിനാൽ റവന്യൂ വകുപ്പും റെയിൽവെ വകുപ്പും ചേർന്ന് ഒരു ജോയിന്റ് സർവേ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സ്ഥലം റയിൽവേയുടേതാണെന്ന് കണ്ടെത്തിയിട്ടുള്ളതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ജോയിന്റ് സർവേയിലെ നിഗമനങ്ങളിൽ അപാകതയുണ്ടോ എന്ന കാര്യത്തിൽ കൂടുതൽ പരിശോധന നടന്നുവരുന്നു.

(ഇ) ഇല്ല.

(എഫ്) ഹൈക്കോടതി ഉത്തരവനുസരിച്ച് ഡോക്ടർ ശശിധരന്റെ പരാതിയിൻമേൽ അന്തിമതീരുമാനം കൈക്കൊള്ളുന്നതുവരെയും പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണം ആരംഭിക്കുന്നത് ഉചിതമല്ല.

വിദ്യാഭ്യാസവകുപ്പിലെ പാർട്ട്ടൈം ജീവനക്കാർ

34(434) ശ്രീ. പി. പി. തങ്കച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസവകുപ്പിൽ എത്ര വർഷം സർവീസുള്ള പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാർക്കാണ് ഫുൾടൈം പോസ്റ്റിലേക്ക് പ്രമോഷൻ നൽകുകയോ ഫുൾടൈം പോസ്റ്റിന്റെ ആനുകൂല്യങ്ങൾ നൽകുകയോ ചെയ്യുന്നത് ;

(ബി) വിദ്യാഭ്യാസവകുപ്പിലെ പാർട്ട്ടൈം അദ്ധ്യാപകർക്ക് എത്ര വർഷത്തെ സർവ്വീസാകുമ്പോഴാണ് ഫുൾടൈം പോസ്റ്റിന്റെ ആനുകൂല്യങ്ങൾ നൽകുന്നത് ;

(സി) വിദ്യാഭ്യാസവകുപ്പിൽ ഒഴിവുള്ള ഫുൾടൈം തസ്തികകളിലേയ്ക്ക് പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർക്ക് പ്രമോഷൻനൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്യൂൺ ഇല്ലാത്ത സ്കൂളുകളിൽ പാർട്ട്ടൈം കണ്ടിജൻറ് ജീവനക്കാരെ പ്രോമോട്ട്ചെയ്ത് പ്യൂൺ ആയി നിയമിക്കാൻ വ്യവസ്ഥ ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തസ്തികകളുടെ ലഭ്യതയനുസരിച്ച് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഫുൾടൈം പോസ്റ്റിലേക്ക് പ്രമോഷൻ നൽകാൻ വ്യവസ്ഥയുണ്ട്.

(ബി) അഞ്ചുവർഷം പാർട്ട്ടൈം സർവീസും ആഴ്ചയിൽ 8 പീരിയഡും ഉണ്ടെങ്കിൽ ഫുൾടൈം ആനുകൂല്യം അനുവദിക്കാൻ വ്യവസ്ഥയുണ്ട്.

(സി) നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി ഇപ്പോൾതന്നെ പ്രമോഷൻനൽകി വരുന്നുണ്ട്.

(ഡി) പ്യൂൺ അനുവദനീയമല്ലാത്ത സ്കൂളുകളിൽ ഇതിന് വ്യവസ്ഥയില്ല.

ഏരിയ ഇന്റൻസീവ് പ്രോഗ്രാമിന് അപേക്ഷിച്ചവർ

35(435) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര പദ്ധതിയിലെ "ഏരിയ ഇന്റൻസീവ് പ്രോഗ്രാം" അനുസരിച്ച് പുതുതായി അപേക്ഷകൾ ക്ഷണിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ നിന്നും ഏതെല്ലാം സ്ഥാപനങ്ങളും വ്യക്തികളും അപേക്ഷകൾ ഡി.പി.ഐ.ക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ നിന്നും ഇതിനായി അപേക്ഷകൾ ലഭിച്ചിരുന്നുവോ ;

(ഡി) എങ്കിൽ എത്ര അപേക്ഷകൾ മലപ്പുറം ജില്ല വിദ്യാഭ്യാസ അധികൃതർ ഡി. പി. ഐ.ക്ക് സമർപ്പിച്ചിട്ടുണ്ട് ; അവ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഡി. പി. ഐ യിൽ നിന്നും ഏതെല്ലാം അപേക്ഷകൾ സർക്കാരിലേയ്ക്കു അയച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇവ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അപേക്ഷകൾ ക്ഷണിച്ചിരുന്നു.

(ബി) ഡി.പി.ഐക്കു ലഭിച്ച അപേക്ഷകളുടെ ലിസ്റ്റ് അനത്ര ചേർക്കുന്നു.

(സി) ഏറനാട് ബ്ലോക്കിൽ നിന്നും അപേക്ഷകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly